മഹാത്മാഗാന്ധി സർവകലാശാല
പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

73643/ACA1 SO/2021/ACAD 13.04.2021

## സർക്കുലർ

വിഷയം : സർവ്വകലാശാല പഠനവകുപ്പുകളിലെ മധ്യവേനലവധി ക്രമീകരണം- സംബന്ധിച്ച് :-

സർവ്വകലാശാല പഠനവകുപ്പുകളിലെ മധ്യവേനലവധി മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട് സ് 1997 അദ്ധ്യായം 3 സെക്ഷൻ 20 പ്രകാരം 2021 ഏപ്രിൽ 15 മുതൽ 2021 ജൂൺ 14 വരെ ആയി ക്രമീകരിച്ചിരിക്കുന്നു. കോവിഡ് മഹാമാരി നിലനിൽക്കുന്ന പശ്ചാത്തലത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ മധ്യവേനൽ അവധിയുമായി ബന്ധപ്പെട്ട് പാലിക്കേണ്ടതാണ് :-

1. സർവ്വകലാശാല പഠനവകുപ്പുകളിലെ മധ്യവേനലവധി 2021 ഏപ്രിൽ 15 മുതൽ 2021 ജൂൺ 14വരെ ആയിരിക്കും
2. മധ്യവേനൽ അവധിക്കു ശേഷം സർവ്വകലാശാല പഠനവകുപ്പുകൾ 2021 ജൂൺ 15 തീയതി മുതൽ തുറന്നു പ്രവർത്തിക്കുന്നതാണ്.
3. ക്ലാസുകൾ തീരാനുള്ള പക്ഷം മധ്യവേനൽ അവധിക്കാലത്ത് ഓൺലൈൻ ആയി ക്ലാസുകൾ നടത്തേണ്ടതാണ്.
4. ഓഫ്ലൈൻ ആയി ക്ലാസുകൾ നടത്തുവാൻ അദ്ധ്യാപകർ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ കോവിഡ് മാനദണ്ഡം അനുസരിച്ച് അതിനുള്ള ക്രമീകരണങ്ങൾ വകുപ്പുമേധാവി നടത്തേണ്ടതാണ്.
5. മധ്യവേനൽ അവധിക്കാലത്ത് സർവ്വകലാശാല നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള എല്ലാ പരീക്ഷകളും കോവിഡ് മാനദണ്ഡം അനുസരിച്ച് മാറ്റമില്ലാതെ നടക്കും .
6. കോവിഡ് മാനദണ്ഡം അനുസരിച്ച് സർവ്വകലാശാല പരീക്ഷകൾ നടത്തേണ്ടതിനാൽ അദ്ധ്യാപകരുടെ അധിക സേവനം ആവശ്യമായി വരുന്നുവെങ്കിൽ അതിനുള്ള ക്രമീകരണങ്ങൾ വകുപ്പുമേധാവിക്ക് നടത്താവുന്നതാണ്.

കാഞ്ചന എൻ നായർ
അസിസ്റ്റന്റ് രജിസ്ട്രാർ 1(അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. സർവ്വകലാശാല പഠനവകുപ്പുകൾ
2. വി.സി/പി.വി.സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ/ പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ
4. എ.ആർ/ഡി.ആർ/ ജെ.ആർ (അക്കാദമിക്)
5. കണ്ടന്റ് മാനേജ് മെന്റ് സെക്ഷൻ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി



Draft #1 of File 73643/ACA1 SO/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 13-Apr-2021 10:02 PM - Page 1